നവകേരളം കർമപദ്ധതി

# നവകേരളം വാർത്ത

2025 ഒക്ടോബർ വാല്യം 1

ന്യൂസ്‌ലെറ്റർ

ഓൺലൈൻ

57


## മികച്ച പച്ചത്തുരുത്തുകൾക്ക് പുരസ്കാരം നൽകി

# പ്രകൃതിയെ മുന്നിൽ കണ്ടുള്ള വികസനം ലക്ഷ്യം : മുഖ്യമന്ത്രി



പ്രകൃതിയെ കണ്ടുള്ള വികസനമാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഹരിതകേരളം മിഷന്റെ മികച്ച പച്ചത്തുരുത്തുകൾക്കുള്ള പുരസ്കാര വിതരണം തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വികസനത്തിന്റെ പുതിയൊരു ഘട്ടത്തിലേക്ക് കേരളം കടക്കുമ്പോൾ സുസ്ഥിരമായ മാതൃകകൾ ഏറെ ആവശ്യമാണ്. ഈ ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷൻ രൂപീകരിച്ചത്. കഴിഞ്ഞ ഒരു പതിറ്റാണ്ടോളം രാജ്യത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങളാണ് മിഷൻ നടപ്പാക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

'ഇനി ഞാൻ ഒഴുകട്ടെ' എന്ന ജനകീയ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് 92,429 കിലോ മീറ്റർ ദൂരം നീർച്ചാലുകൾ ആവർത്തിച്ചു വൃത്തിയാക്കി ശുചീകരിച്ചു. പുഴകളിലെ നീരൊഴുക്ക് പുനഃസ്ഥാപിക്കാൻ 412 കിലോമീറ്റർ ദൂരം ശുചീകരിച്ചു. 29,254 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു. 24,645 കുളങ്ങൾ നിർമിച്ചു. മണ്ണിടിച്ചിലും ഉരുൾപൊട്ടലും ലഘൂകരിക്കാനായി കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കാനും ആഗോളതാപനത്തെ ചെറുക്കാനുമുള്ള പ്രായോഗിക ഇടപെടലിന്റെ ഫലമാണ് പച്ചത്തുരുത്തുകളെന്നും ജനകീയ പങ്കാളിത്തത്തോടെ 2050 ൽ നെറ്റ് സീറോ കാർബൺ സംസ്ഥാനമായി കേരളം മാറുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മികച്ച പച്ചത്തുരുത്തുകൾക്കുള്ള പുരസ്കാരം മുഖ്യമന്ത്രി വിതരണം ചെയ്തു.

'ഹരിതകേരളത്തിന്റെ മികവാർന്ന പച്ചത്തുരുത്തുകൾ' എന്ന സമാഹാരവും മുഖ്യമന്ത്രി പ്രകാശിപ്പിച്ചു. പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് സെക്രട്ടറി എസ്. ഹരികിഷോർ പുസ്തകം ഏറ്റുവാങ്ങി. ചടങ്ങിൽ മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനായി. എ.എ. റഹീം എം.പി., ആന്റണി രാജു എം.എൽ.എ., പ്ലാനിംഗ് ബോർഡ് മെമ്പർ ജിജു പി. അലക്സ്, പുരസ്കാര നിർണയ സമിതി ചെയർപേഴ്സൺ പ്രൊഫ. ഇ. കുഞ്ഞിക്കൃഷ്ണൻ, ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ, അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഡോ. ജെ. ജസ്റ്റിൻ മോഹൻ, കില ഡയറക്ടർ ജനറൽ നിസാമുദ്ദീൻ, എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർ ഡി. രഞ്ജിത്ത് എന്നിവർ പങ്കെടുത്തു.



# പരിസ്ഥിതിയെ പരിഗണിച്ച് നവകേരളം

നവകേരളം എന്നത് പരിസ്ഥിതിയെ പരിഗണിക്കുന്നതും സംരക്ഷിക്കുന്നതും ആയിരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്. കാർബൺ ന്യൂട്രൽ കേരളം എന്നൊരു ആശയം മുൻനിർത്തി ആണ് നമ്മൾ പ്രവർത്തിക്കുന്നത്. ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം സൃഷ്ടിക്കുന്ന ആഘാതത്തെ കുറച്ചു കൊണ്ട് കാർബൺ ന്യൂട്രലാക്കി കേരളത്തെ നിലനിർത്താൻ സഹായിക്കുന്ന പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് പച്ചത്തുരുത്തുകൾ. പച്ചത്തുരുത്ത് മാത്രമല്ല പച്ചത്തുരുത്തിനൊപ്പം ജലസംരക്ഷണത്തിനുള്ള പദ്ധതികൾ, കിണർ റീചാർജിംഗ്, കാർഷിക കുളങ്ങളുടെ നിർമ്മാണം, നിലവിലുള്ള ജലസ്രോതസുകളുടെ പുനരുജ്ജീവനം ഇതെല്ലാം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ ഇന്ത്യയിൽ ആദ്യമായി പ്രാദേശിക കർമപദ്ധതികൾ നടപ്പാക്കിയിട്ടുള്ള സംസ്ഥാനമാണ് കേരളം. തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ സൃഷ്ടിക്കുകയും വരുമാനം ഉറപ്പാക്കുകയും ചെയ്യുന്നതിനൊപ്പം തന്നെ പരിസ്ഥിതി പുനസ്ഥാപനത്തിന് കൂടി വിലപ്പെട്ട സംഭാവന നൽകാൻ ഉപയോഗിക്കുന്നത് ഇന്ത്യയിൽ കേരളത്തിലാണ്. അതിൽ വളരെ പ്രയോജനകരമായ നിലയിൽ ഉപയോഗിക്കാൻ കഴിഞ്ഞൊരു പദ്ധതിയാണ് പച്ചത്തുരുത്ത്. മുഖ്യമന്ത്രിയുടെ പച്ചത്തുരുത്ത് പുരസ്കാര വിതരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി എം.ബി. രാജേഷ്.



# എഡിറ്റോറിയൽ

## പുരസ്കാര നിറവിൽ മികച്ച പച്ചത്തുരുത്തുകൾ



പ്രകൃതിയ്ക്ക് നമ്മളെയല്ല, നമുക്ക് പ്രകൃതിയെയാണാവശ്യം എന്ന വസ്തുത നാം പൂർണമായും ഉൾക്കൊള്ളുക തന്നെ വേണം. കാരണം ജീവന്റെ ഗ്രഹമായ ഭൂമിയിൽ നമുക്ക് പ്രാണവായു നൽകുന്നത് നൈസർഗ്ഗിക പ്രകൃതിയാണ്. അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളുടെ അളവ് ക്രമീതാതമായി വർധിക്കുകയാണ്. ഇതുമൂലം അന്തരീക്ഷ താപനിലയിൽ വലിയ തോതിലുള്ള വർധനവ് ഉണ്ടാവുകയും കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാവുകയും ചെയ്യുന്നു. കാലാവസ്ഥാ മാറ്റം ഗുരുതരമായ പ്രതിസന്ധിയായി വളരുകയാണ്. ഇവിടെയാണ് ഹരിതകേരളം മിഷനിലൂടെ സർക്കാർ നടപ്പാക്കിയ പച്ചത്തുരുത്ത് പദ്ധതി പ്രസക്തമാകുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിതഗൃഹ വാതകങ്ങളുടെ സാന്നിദ്ധ്യം കൊണ്ടുണ്ടാകുന്ന ആഗോള താപനത്തെ ചെറുക്കുന്നതിനുമുള്ള പ്രായോഗിക ഇടപെടലാണ് പച്ചത്തുരുത്തുകൾ. 2019 ലെ ലോക പരിസ്ഥിതി ദിനമായ ജൂൺ 05 നാണ് സർക്കാർ പച്ചത്തുരുത്ത് പദ്ധതിയ്ക്ക് തുടക്കമിട്ടത്. അന്ന് തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ വേങ്ങോട് നിന്നുമാരംഭിച്ച പച്ചത്തുരുത്ത് പദ്ധതി ഒട്ടേറെ വിജയഗാഥകൾ രചിച്ച് മുന്നേറുകയാണ്. സംസ്ഥാനത്തിപ്പോൾ 1272.87 ഏക്കർ വിസ്തൃതിയിലായി 4030 പച്ചത്തുരുത്തുകളുണ്ട്. അക്ഷരാർത്ഥത്തിൽ 4030 ഓക്സിജൻ പാർലറുകളായാണ് ഈ പച്ചത്തുരുത്തുകൾ നിലകൊള്ളുന്നത്. ഒരു വൃക്ഷത്തൈ നട്ട് മടങ്ങുകയല്ല കൂട്ടത്തോടെ തൈകൾ നട്ട് പരിപാലിച്ചതിന്റെ വിജയം കൂടിയാണിത്.

പച്ചത്തുരുത്തുകൾ ആരംഭിച്ച് ആറുവർഷങ്ങൾക്കിപ്പുറം ഇതുവരെ സ്ഥാപിച്ച പച്ചത്തുരുത്തുകൾ വിലയിരുത്തപ്പെട്ടു. ഏറ്റവും മികച്ചവയ്ക്ക് വിവിധ വിഭാഗങ്ങളിലായി മുഖ്യമന്ത്രിയുടെ പുരസ്കാരവും ലഭിച്ചു. അത്ഭുതപ്പെടുത്തുന്ന ജൈവവൈവിധ്യം ഉൾക്കൊള്ളുന്നതാണ് എല്ലാ പച്ചത്തുരുത്തുകളും. ഈ പച്ചത്തുരുത്തുകളെല്ലാം നിലനിർത്തേണ്ടത് നാമേവരുടേയും ആവശ്യമാണ്. ജൈവവൈവിധ്യ നാശം, മലിനീകരണം എന്നിവ ഭൂമിയിൽ മനുഷ്യൻ സ്വയം സൃഷ്ടിച്ചിട്ടുള്ളതും ഭാവി തലമുറയെ ദോഷകരമായി ബാധിക്കുന്നതുമാണ്. സർക്കാരിനൊപ്പം പൊതുജനങ്ങളും സന്നദ്ധ സംഘടനകളും ഒന്നിച്ചു ചേർന്ന് പ്രവർത്തിച്ചാലേ ഈ പ്രതിസന്ധിക്ക് അയവ് വരുത്താനാകൂ.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# മികച്ച പച്ചത്തുരുത്തുകൾക്കുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരം നേടിയവർ

സംസ്ഥാനതലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിഭാഗത്തിൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന് ഒന്നാം സ്ഥാനം. രണ്ടാം സ്ഥാനം തുമ്പമൺ ഗ്രാമപഞ്ചായത്തിനും കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിനും ലഭിച്ചു. മൂന്നാം സ്ഥാനം കൊല്ലം കോർപ്പറേഷനും അജാനൂർ ഗ്രാമപഞ്ചായത്തിനും ലഭിച്ചപ്പോൾ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിനാണ് നാലാം സ്ഥാനം. അഞ്ചാം സ്ഥാനം കല്ലറ ഗ്രാമപഞ്ചായത്തും തൊണ്ടർനാട് ഗ്രാമപഞ്ചായത്തും കരസ്ഥമാക്കി. അഞ്ച് തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേക ജൂറി പുരസ്കാരം നേടി. കൊടുമ്പ്, വെളിയാമറ്റം, കുറുമാത്തൂർ, കടനാട്, കൊടുമൺ എന്നീ ഗ്രാമപഞ്ചായത്തുകളാണവ. കലാലയങ്ങളുടെ വിഭാഗത്തിൽ കണ്ണൂർ പയ്യന്നൂർ കോളേജ് പച്ചത്തുരുത്ത് ഒന്നാം സ്ഥാനം നേടി. പാലക്കാട് വി.ടി. ഭട്ടതിരിപ്പാട് ഗവ. കോളേജിനാണ് രണ്ടാം സ്ഥാനം. മൂന്നാം സ്ഥാനം പനമ്പിള്ളി മെമ്മോറിയൽ ഗവ. കോളേജിനാണ്. വിദ്യാലയങ്ങളുടെ വിഭാഗത്തിൽ തവിടിശ്ശേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളും (കണ്ണൂർ), വടുവഞ്ചാൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളും (വയനാട്) ഒന്നാമതെത്തി. രണ്ടാം സ്ഥാനം ജി.എച്ച്.എസ്.എസ്. അരീക്കോടും (മലപ്പുറം), ജി.യു.പി. സ്കൂൾ പാടിക്കീലും (കാസർഗോഡ്) കരസ്ഥമാക്കി. ജി.യു.പി. സ്കൂൾ ചാമക്കുഴി കുവാറ്റിക്കാണ് (കാസർഗോഡ്) മൂന്നാം സ്ഥാനം. എസ്.എസ്.എച്ച്.എസ്.എസ്. മൂർക്കനാട് (മലപ്പുറം) നാലാം സ്ഥാനവും ഗവ. യു.പി. സ്കൂൾ പെരുമ്പള്ളി (എറണാകുളം) അഞ്ചാം സ്ഥാനവും നേടി. മറ്റ് സ്ഥാപനങ്ങളുടെ വിഭാഗത്തിൽ കണ്ണൂർ സെൻട്രൽ ജയിൽ ട്രീ മ്യൂസിയവും തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പച്ചത്തുരുത്തും ഒന്നാം സ്ഥാനത്തിന് അർഹരായി. കെ.എസ്.ഡി.പി. പച്ചത്തുരുത്ത് (ആലപ്പുഴ), ഗാന്ധിഗ്രാം ഹോസ്പിറ്റൽ ഫോർ ഡെർമറ്റോളജി ( തൃശൂർ) എന്നിവർ രണ്ടാം സ്ഥാനത്ത് എത്തി. മൂന്നാം സ്ഥാനം നല്ലൂർനാട് കാൻസർ കെയർ സെന്ററും (വയനാട്) ആയുർവേദ ഡിസ്പെൻസറി വെട്ടൂരും (പത്തനംതിട്ട) കരസ്ഥമാക്കി. ദേവഹരിതം വിഭാഗത്തിൽ വീതുകുന്ന് വിഷ്ണുമൂർത്തി ക്ഷേത്രം (കാസർഗോഡ്), മണ്ണൂർ ശിവക്ഷേത്രം (കോഴിക്കോട്) എന്നിവിടങ്ങളിലെ പച്ചത്തുരുത്തുകൾ ഒന്നാമതെത്തി. രണ്ടാം സ്ഥാനം കണ്ണൂർ കണ്ണപുരം ഗ്രാമപഞ്ചായത്തിലെ പ്രയാങ്കോട്ടം പച്ചത്തുരുത്തും നേടി. മൂന്നാം സ്ഥാനത്ത് കരിവെള്ളൂർ പെരളം ഭഗവത ക്ഷേത്രം പച്ചത്തുരുത്തും മുഴക്കുന്ന് മൃദംഗശൈലേശ്വരി ക്ഷേത്രവും നേടി. മുളന്തുരുത്ത് വിഭാഗത്തിൽ വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്, ചോലപ്പുറം മുളന്തുരുത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കി. രണ്ടാം സ്ഥാനം കണ്ണൂർ ജില്ലയിലെ ചെറുതാഴം, പായം എന്നീഗ്രാമപഞ്ചയാത്തുകൾക്കാണ്. മൂന്നാം സ്ഥാനം കുറുമാത്തൂർ (കണ്ണൂർ), ചെമ്മനാട് (കാസർഗോഡ്) ഗ്രാമപഞ്ചായത്തുകൾ കരസ്ഥമാക്കി. ചെറുതാഴം ഗ്രാമപഞ്ചായത്ത് വയലപ്ര പാർക്ക് (കണ്ണൂർ), വലിയപറമ്പ് ഗ്രാമപഞ്ചായത്ത് മാടക്കാൽ കണ്ടൽത്തുരുത്ത് (കാസർഗോഡ്) എന്നിവയാണ് കണ്ടൽത്തുരുത്ത് വിഭാഗത്തിൽ ഒന്നാമതെത്തിയത്. ഇതേ വിഭാഗത്തിൽ കാസർഗോഡ് നഗരസഭ, കുമ്പള ഗ്രാമപഞ്ചായത്ത് എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി. കാവുകളുടെ വിഭാഗത്തിൽ കാസർഗോഡ് ജില്ലയിലെ അടുക്കത്ത് ഭഗവതിക്ഷേത്രം മേലോത്തുംകാൽ കാവ് പച്ചത്തുരുത്ത് ഒന്നാം സ്ഥാനം നേടി. കാസർഗോഡ് ജില്ലിയിലെ തന്നെ കാലിച്ചാംകാവ് കാപ്പുകയം പച്ചത്തുരുത്ത് രണ്ടാമതും എണ്ണപ്പാറ കോളിക്കാൽ ഭഗവതി പച്ചത്തുരുത്ത് (കാസർഗോഡ്), വടയിൽക്കാവ് പച്ചത്തുരുത്ത് (കോഴിക്കോട്) എന്നിവർ മൂന്നാമതുമെത്തി.

ഇതിനുപുറമെ നിഷാദ് മണത്തണ, കണ്ണൂർ, രൂപേഷ്, കരിമ്പിലങ്കണ്ടി വാർഡ് മെമ്പർ, പയ്യാവൂർ ഗ്രാമപഞ്ചായത്ത്, ബിജിത്ത് പി, അസി.പ്രിസൺ ഓഫീസർ, കണ്ണൂർ സെൻട്രൽ ജയിൽ, ഹമീദ് അലി, SSHS സ്കൂൾ, മൂർക്കനാട്, മലപ്പുറം, ശിവൻ ഒ.ടി,കാഷ്വൽ വർക്കർ, താഴെ പറക്കുന്ന് പച്ചത്തുരുത്ത്, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, മലപ്പുറം, പീറ്റർ കെ.സി, ജി.യു.പി. സ്കൂൾ, അമ്പൂത്തി വയനാട്, പി. ഗിരീശൻ, ടൈറ്റാനിയം, വി.പി ശങ്കരൻ നമ്പൂതിരി, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ (പരിമള അന്തർജ്ജനം - ഭാര്യ), വടക്കേടത്ത് ഇല്ലം, മുണ്ടേരി, പി. കെ മുകുന്ദൻ, ഉദുമ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്, ഫാദർ ഗ്രിഗോറിയസ്, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്, സക്കീന, ഹരിതവനം, കുമരംചിറ, ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്ത്, അനീഷ് പപ്പൻ, അതിസാന്ദ്രതാ വനം, കരവാരം, തിരുവനന്തപുരം എന്നിവർക്ക് പ്രത്യേക പുരസ്കാരവും ലഭിച്ചു.

# പ്രകൃതിക്ക് അനുസൃതമായ വ്യവസായ നയമാണ് സംസ്ഥാന സർക്കാരിന്റേത് : മന്ത്രി പി. രാജീവ്

പ്രകൃതിക്ക് അനുസൃതമായ വ്യവസായ നയമാണ് സംസ്ഥാന സർക്കാരിന്റേതെന്ന് മന്ത്രി പി രാജീവ്. കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതിയുടെ വിശദമായ പദ്ധതിരേഖ പ്രകാശനം ചെയ്യുകയായിരുന്നു മന്ത്രി. പ്രകൃതി, ജനത, വ്യവസായം എന്നതാണ് സംസ്ഥാനത്തിന്റെ വ്യവസായ നയത്തിന്റെ മുദ്രാവാക്യം. കാർബൺ ബഹിർഗമനം വർദ്ധിപ്പിക്കുന്ന വ്യവസായങ്ങളെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നില്ല. കാർബൺ ന്യൂട്രൽ ആകേണ്ടത് ലോകത്തിന്റെ തന്നെ പ്രധാനപ്പെട്ട ആവശ്യമാണ്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നേരത്തെ തന്നെ കേരളം ആരംഭിച്ചിട്ടുണ്ട്. കൊച്ചിയെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിന്റെ ഭാഗമായാണ് കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതി സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി വൈപ്പിൻ ബ്ലോക്കിലെ കുഴിപ്പിള്ളി, പള്ളിപ്പുറം, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തുകളിലും ഇടപ്പള്ളി ബ്ലോക്കിലെ എളങ്കുന്നപ്പുഴ, മുളവുകാട്, കടമക്കുടി ഗ്രാമപഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. ഹരിതകേരളം മിഷന്റെ സാങ്കേതിക സഹായത്തോടെയും ഏകോപനത്തോടെയും നടക്കുന്ന പദ്ധതിക്ക് ജിഡയുടെ പിന്തുണ ഉണ്ടാകും. കാമ്പയിന്റെ ഭാഗമായി ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ കണക്കാക്കുന്നതിനായി എട്ട് പഞ്ചായത്തുകളിലും പ്രാഥമിക സർവേ നടത്തിയിരുന്നു. ഇതിലൂടെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഡി.പി.ആർ. തയ്യാറാക്കിയത്. കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ. അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ പദ്ധതിരേഖ ഏറ്റുവാങ്ങി. നവകേരളം കർമ്മപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ വിഷയാവതരണം നടത്തി. യോഗത്തിൽ എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐഎഎസ്, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനൽ തുടങ്ങിയവർ സംസാരിച്ചു.



പദ്ധതി സാധ്യതാ അവലോകനം കുസാറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് മറൈൻ ബയോളജി, മൈക്രോബയോളജി ഡയറക്ടർ ഡോ. മുഹമ്മദ് ഹാത്ത അബ്ദുള്ള നടത്തി.

# കേരളത്തിന്റെ ആരോഗ്യ രംഗത്തെ അഭിനന്ദിച്ച് മഹാരാഷ്ട്ര ആരോഗ്യമന്ത്രി

കേരളത്തിന്റെ ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ മാതൃകാപരമെന്ന് മഹാരാഷ്ട്ര ആരോഗ്യ വകുപ്പുമന്ത്രി പ്രകാശ് അബിത്കർ. സംസ്ഥാനത്തെ ആശുപത്രികൾ സന്ദർശിച്ച ശേഷം ആരോഗ്യ വകുപ്പുമായി നടത്തിയ ചർച്ചയിലാണ് മഹാരാഷ്ട്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ടീം കേരളത്തെ അഭിനന്ദിച്ചത്. കേരളത്തിലെ മാതൃകാപരമായ പദ്ധതികളും ആരോഗ്യ കേന്ദ്രങ്ങളും അടുത്തറിയാനാണ് സംഘം കേരളത്തിലെത്തിയത്. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായും ഇവർ കൂടിക്കാഴ്ച നടത്തി. സ്വീകാര്യമായ മാതൃകകൾ മഹാരാഷ്ട്രയിൽ നടപ്പിലാക്കുന്നതിന് മന്ത്രി എല്ലാ പിന്തുണയും അറിയിച്ചു.



യു.എസിനെക്കാളും കുറഞ്ഞ കേരളത്തിലെ ശിശുമരണ നിരക്ക് തികച്ചും മാതൃകാപരമാണ്. അപൂർവരോഗ ചികിത്സാ രംഗത്ത് കേരളം സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നടത്തിയത്. എല്ലാ കിടപ്പ് രോഗികൾക്കും സാന്ത്വന പരിചരണം ഉറപ്പാക്കുന്ന കേരളത്തിന്റെ പ്രവർത്തനം മറ്റ് സംസ്ഥാനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ആയുഷ് രംഗത്തെ കേരളത്തിന്റെ മുന്നേറ്റം ശ്രദ്ധേയമാണ്. നീതി ആയോഗ് വിളിച്ചു ചേർത്ത നാലാമത് ചീഫ് സെക്രട്ടറിമാരുടെ സമ്മേളനത്തിൽ കേരളത്തെ നോഡൽ സംസ്ഥാനമായി തെരഞ്ഞെടുത്തിരുന്നു.

# ഓണസമ്മാനമായി മനസ്സോടിത്തിരി മണ്ണ്; വിഷ്ണുവിന് വീടൊരുങ്ങും

സ്വന്തമായൊരു വീട് എന്ന സ്വപ്നം സഫലമാകുമെന്ന് ഉറപ്പായ ഇത്തവണത്തെ ഓണം വിഷ്ണുവിന്റെയും കുടുംബാംഗങ്ങളുടെയും ഓർമ്മയിൽ എന്നുമുണ്ടാകും. ലൈഫ് പദ്ധതിയിൽ വീടുവയ്ക്കാനായി സംസ്ഥാന സർക്കാരിന്റെ മനസ്സോടിത്തിരി മണ്ണ് പരിപാടിയിൽ ജന്റിൽമാൻ ചിട്സിന്റെ മാനേജിംഗ് ഡയറക്ടർ കോട്ടയം തലയോലപ്പറമ്പ് സ്വദേശി ബാബു കേശവൻ സൗജന്യമായി നൽകിയ നാലു സെന്റ് സ്ഥലം വൈക്കം ഉദയനാപുരം ഓണത്തോടി വീട്ടിൽ വിഷ്ണുവിന് വിലപ്പെട്ട ഓണസമ്മാനമായി. മന്ത്രി വി.എൻ. വാസവന്റെ ഇടപെടലിലാണ് സ്ഥലം ലഭ്യമായത്. വിഷ്ണുവിന് സ്ഥലത്തിന്റെ ആധാരം മന്ത്രി കൈമാറി.



# ലൈഫ് മിഷൻ വീടുകളുടെ താക്കോൽ വിതരണം

കണ്ണൂർ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ സംഗമവും പൂർത്തീകരിച്ച വീടുകളുടെ താക്കോൽ ദാനവും രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. എരമം-കുറ്റൂർ ഗ്രാമപഞ്ചായ ത്തിൽ കരാറിലേർപ്പെട്ട 273 ഭവനരഹിതരിൽ 243 പേരുടെ ഭവനങ്ങളാണ് മിഷൻ പദ്ധതിയിൽ നിർമാണം പൂർത്തിയാക്കിയ ത്. ശേഷിക്കുന്ന ഭവനങ്ങളുടെ നിർമാണം പുരോഗമിക്കുകയാണ്. പഞ്ചായത്തിലെ ഭൂമിയുള്ള അർഹരായ ഭൂരഹിതരിൽ മുഴുവൻ പേരെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂരഹിതരായ 39 ഗുണഭോക്താക്കളിൽ കരാറിലേർപ്പെട്ട ഒൻപത് പേർക്ക് ഭൂമി ലഭ്യമാക്കുകയും നാലു പേർ നിലവിൽ ഭവന നിർമാണം പൂർത്തീകരിക്കുകയും ചെയ്തു. ശേഷിക്കുന്നവർക്ക് ഭൂമി ലഭ്യമാ ക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പഞ്ചായത്ത്



ഓഫീസ് പരിസരത്ത് നടന്ന പരിപാടിയിൽ ടി.ഐ മധുസൂദനൻ എം എൽ എ അധ്യക്ഷനായി. പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.വി വത്സല മുഖ്യാതിഥിയായി.

## മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ; കാസർഗോഡ് 200 സെന്റ് ഭൂമി ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകി, 17,864 വീടുകളുടെ നിർമാണം പൂർത്തിയായി

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി കാസഗോഡ് ജില്ലയിൽ 36,510 അർഹരായ ഗുണഭോക്താക്ക ളിൽ 22,980 പേർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് 2017 മുതൽ 2025 ജൂൺ 25 വരെയുള്ള കാലയളവിൽ 17,864 വീടുകളുടെ നിർ മാണം പൂർത്തിയാക്കാൻ കഴിഞ്ഞു. 20,700 വീടുകൾ നിർമാണത്തിലാണു ള്ളത്. 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പ യിനിലൂടെ ഇതുവരെ 280 സെന്റ് ഭൂമി വാഗ്ദാനം ചെയ്യുകയും, ഇതിൽ 200 സെന്റ് ഭൂമി ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകുകയും ചെയ്തു.

# പൊതുവിദ്യാലയങ്ങളുടെ മുഖച്ഛായ മാറി: മന്ത്രി വി. ശിവൻകുട്ടി

### ചിറ്റാർ കൂത്താട്ടുകുളം സർക്കാർ എൽ പി സ്കൂളിന് പുതിയ കെട്ടിടം

പൊതുവിദ്യാലയങ്ങളുടെ മുഖച്ഛായ മാറ്റുന്നതിന് 5000 കോടി രൂപയുടെ പദ്ധതിയാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. പത്തനംതിട്ട ചിറ്റാർ കൂത്താട്ടുകുളം സർക്കാർ



എൽ.പി. സ്കൂൾ പുതിയ കെട്ടിടം ഉദ്ഘാടനം സ്കൂൾ അങ്കണത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. പൊതുവിദ്യാ ലയങ്ങളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാ ലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെട്ടു. പഠനനിലവാരം ഉയർന്നു. ഹൈടെക് ക്ലാസ് മുറിയും മികച്ച ലാബും ലൈബ്രറികളും വന്നു. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും പഠനനിലവാരം ഉറപ്പാക്കാൻ 'സബ്ജക്ട് മിനിമം' നടപ്പിലാക്കി. ഇതിന്റെ ഫലമായി ദേശീയതല പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയതായും മന്ത്രി പറഞ്ഞു. ചിറ്റാർ കൂത്താട്ടുകുളം സർക്കാർ എൽ പി സ്കൂളിന് എംഎൽഎ ഫണ്ടിൽ നിന്നും സ്കൂൾ ബസ് അനുവദിക്കുമെന്ന് അധ്യക്ഷൻ കെ യു ജനീഷ് കുമാർ എംഎൽഎ പറഞ്ഞു.

# ഹരിതകേരളം മിഷന് സംസ്ഥാന ഇ-ഗവേണൻസ് അവാർഡ്

ഡിജിറ്റൽ പ്രോസസ് റീ എൻജിനീയറിംഗ് വിഭാഗത്തിൽ സംസ്ഥാന സർക്കാർ ഇ ഗവേണൻസ് പുരസ്കാരം -മൂന്നാം സ്ഥാനം - ഹരിതകേരളം മിഷനു ലഭിച്ചു. തിരുവ നന്തപുരത്ത് IMG ഹാളിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും ഹരിത കേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ. സീമ പുരസ്കാരം ഏറ്റുവാങ്ങി. സുരക്ഷിതമാക്കാം പശ്ചിമഘട്ടം ക്യാമ്പയിനിലെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്ന നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന മാപത്തോണിനാണ് അവാർഡ് ലഭിച്ചത്.



# പൊതുവിദ്യാലയങ്ങളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തും: മന്ത്രി വി ശിവൻകുട്ടി

## പ്രമാടം സർക്കാർ എൽ പി സ്കൂളിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിലെ സർക്കാർ വിദ്യാലയങ്ങളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. പത്തനംതിട്ട പ്രമാടം സർക്കാർ എൽ പി സ്കൂളിന്റെ പുതിയ കെട്ടിടോദ്ഘാടനം സ്കൂൾ അങ്കണത്തിൽ



നിർവഹിക്കുകയായിരുന്നു അദ്ദേഹം. വിദ്യാലയങ്ങൾ കേവലം കെട്ടിടങ്ങളല്ല, നാളത്തെ തലമുറയെ വാർത്തെടുക്കുന്ന മികവിന്റെ കേന്ദ്രങ്ങളാണ്. ഭൗതിക സാഹചര്യങ്ങൾക്കൊപ്പം പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും സർക്കാർ പ്രാധാന്യം നൽകുന്നു. കുട്ടികൾക്ക് മാതൃഭാഷയുടെ അടിസ്ഥാനം നഷ്ടപ്പെടാതിരിക്കാൻ മലയാളം അക്ഷരമാലയും രാജ്യത്തിന്റെ ആത്മാവായ ഭരണഘടനയുടെ ആമുഖവും പാഠപുസ്തകങ്ങളുടെ ഭാഗമാക്കി. സ്കൂൾ ഒളിമ്പിക്സ് എന്ന ആശയം കായികരംഗത്ത് വലിയ മാറ്റത്തിന് തുടക്കം കുറിച്ചു. ഇൻക്ലൂസീവ് സ്പോർട്സ് എന്ന ആശയത്തിലൂടെ ഭിന്നശേഷി വിദ്യാർഥികളെയും ഒളിമ്പിക്സിന്റെ ഭാഗമാക്കാനായെന്നും മന്ത്രി പറഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ സർക്കാർ സ്കൂളിലേക്ക് എത്തിച്ചേരുന്ന വിദ്യാർഥികളുടെ എണ്ണം വർധിച്ചതായി അധ്യക്ഷൻ കെ.യു. ജനീഷ് കുമാർ എം.എൽ.എ. പറഞ്ഞു.

# ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ജൈവതീരം പദ്ധതി



ഹരിതകേരളം മിഷന്റെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി എറണാകുളം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ തീര ദേശങ്ങളിൽ കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്ന ജൈവതീരം പദ്ധതി നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷന്റെയും ഇന്ത്യൻ റെയിൽവേയുടെയും സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നത്. ഒരു കിലോമീറ്റർ നീളത്തിൽ പുഴയോരത്തു വിവിധ ഇനത്തിൽപ്പെട്ട കണ്ടൽ ചെടികൾ വെച്ചുപിടിപ്പിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്തിനി ഗോപകുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ഇന്ത്യൻ റെയിൽവേ പ്രതിനിധി പരീത് മുഖ്യാതിഥി ആയിരുന്നു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്. പദ്ധതി വിശദീകരണം നടത്തി. പറവൂർ ബ്ലോക്ക് പ്രസിഡന്റ് കെ.എസ്. സനീഷ് മുഖ്യപ്രഭാഷണം നടത്തി.

# സ്ത്രീ ക്ലിനിക്കുകൾ സംസ്ഥാനത്തെ സ്ത്രീകൾക്കുള്ള സമർപ്പണം: മന്ത്രി വീണാ ജോർജ്

സ്ത്രീ ക്ലിനിക്കുകൾ സംസ്ഥാനത്തെ സ്ത്രീകൾക്കുള്ള സമർപ്പണമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. സ്ത്രീകളുടെ ആരോഗ്യം കുടുംബത്തിന്റെ കരുത്താണ്. ശാരീരികമായ ബുദ്ധിമുട്ടുകൾ ആരും അവഗണിക്കരുത്. ജീവിതത്തിന്റെ മുൻഗണനയിൽ ആരോഗ്യവും ഉൾപ്പെടണം. 6 മാസത്തിലൊരിക്കൽ ആരോഗ്യ പരിശോധന നടത്തണം. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പൊതുജനാരോഗ്യ സംവിധാനത്തെ മെച്ചപ്പെടുത്തും. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എല്ലാ ചൊവ്വാഴ്ചയും സ്ത്രീകൾക്കായി സമർപ്പിക്കുന്നു. സ്ത്രീ ക്ലിനിക്കിലൂടെ രോഗപ്രതിരോധത്തോടൊപ്പം ആരോഗ്യമുള്ള ശരീരവും



മനസുമാണ് ലക്ഷ്യമിടുന്നത്. കാൻസർ സ്ക്രീനിംഗിലും പരിശീലനം സിദ്ധിച്ചവരാണ് ഇവിടെയുള്ളത്. 5415 ജനകീയാരോഗ്യ കേന്ദ്രങ്ങളിലും 322 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും 102 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പരിശോധനാ സൗകര്യമുണ്ട്. സ്ത്രീസംബന്ധമായ പ്രശ്നങ്ങളും ഇവിടെ പരിഹരിക്കാവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം പള്ളിത്തുറ ജനകീയാരോഗ്യ കേന്ദ്രത്തിൽ സ്ത്രീ ക്ലിനിക്കുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ആർദ്രം മിഷനിലൂടെ 10 കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയത്. രോഗപ്രതിരോധവും രോഗ നിർമ്മാർജനവും അതിൽ പ്രധാനമാണ്. രാജ്യത്ത് ഏറ്റവും ആയുർദൈർഘ്യമുള്ള സംസ്ഥാനം കേരളമാണ്. എത്രനാൾ ജീവിച്ചാലും ഗുണനിലവാരമുള്ള ജീവിതം നയിക്കണമെങ്കിൽ ആരോഗ്യം ഉറപ്പാക്കണം.

# 'ഒരു തൈ നടാം' ക്യാമ്പയിൻ
## ഇതുവരെ നട്ടത് 66,60,643 തൈകൾ

ഒരു കോടി തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ആരംഭിച്ച 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ ആശാവഹമായി പുരോഗമിക്കുന്നു. പച്ചത്തുരുത്ത് പദ്ധതിയുടെ വ്യാപനവും ക്യാമ്പയിൻ ലക്ഷ്യമിടുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ,



വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മസേന, സർക്കാർ ജീവനക്കാർ, റസിഡന്റ്സ് അസോസിയേഷനുകൾ, ആരാധനാലയങ്ങൾ, വായനശാലകൾ, സാമൂഹ്യ-രാഷ്ട്രീയ സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയെയെല്ലാം ഉൾപ്പെടുത്തിയാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. 2025 ഒക്ടോബർ 10 വരെ ഒരു തൈ നടാം ക്യാമ്പയിനിലൂടെ 66,60,643 തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 40 ലക്ഷത്തോളം തൈകൾ ഒരു തൈ നടാം ക്യാമ്പയിനിലേക്കായി തയ്യാറായി വരുകയാണ്.

# കണ്ണൂർ കോർപ്പറേഷൻ ജല ബജറ്റ് പ്രകാശനം ചെയ്തു

കണ്ണൂർ കോർപ്പറേഷന്റെ ജല ബജറ്റ് കണ്ണൂർ ദസറ ഉദ്ഘാടന വേദിയിൽ വച്ച് കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ മേയർ മുസ്ലിഹ് മഠത്തിൽ നിർവഹിച്ചു. ഹരിതകേരളം മിഷൻ കണ്ണൂർ ജില്ലാ കോഡിനേറ്റർ ഇ.കെ. സോമശേഖരനു നൽകിയാണ് പ്രകാശനം ചെയ്തത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആണ് ജലബജറ്റ് തയാറാക്കിയത്. ഡെപ്യൂട്ടി മേയർ അഡ്വ. പി. ഇന്ദിര അധ്യക്ഷത വഹിച്ചു. കണ്ണൂർ കോർപറേഷൻ പരിധിയിലെ വെള്ളത്തിന്റെ ലഭ്യതയും ഉപയോഗവും സംബന്ധിച്ച സ്ഥിതിവിവര കണക്ക് ഉൾപ്പെടുത്തി കൊണ്ടാണ് ജലബജറ്റ് തയ്യാറാക്കിയത്. കണ്ണൂർ കോർപറേഷൻ പരിധിയിലെ 55 വാർഡുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ചാണ് ജലബജറ്റ് തയാറാക്കിയത്. കോർപറേഷൻ പരിധിയിലെ 87 ശതമാനം പേർക്കും കുടിവെള്ള സൗകര്യം ലഭ്യമായതായി ജലബജറ്റിൽ പരാമർശിച്ചിട്ടുണ്ട്. വ്യാവസായിക - വാണിജ്യ മേഖലകളിൽ ജലാവശ്യം



വർധിച്ചു വരികയാണ് എന്ന് ജലബജറ്റ് കണ്ടെത്തിയിട്ടുണ്ട്. കണ്ണൂർ കോർപറേഷൻ ജല ബജറ്റ് കൂടി തയ്യാറായതോടെ ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജലബജറ്റ് തയ്യാറാക്കിയ ജില്ലയായി കണ്ണൂർ മാറി.

# തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ഹരിതചട്ടം

തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പ് സമ്പൂർണമായും ഹരിതചട്ടം പാലിച്ചും, പരിസ്ഥിതിസൗഹൃദമായും നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത തദ്ദേശ സ്വയംഭരണവകുപ്പിലെ വിവിധ ഏജൻസികളുടെ യോഗം തീരുമാനിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഇതു സംബന്ധിച്ച കർമ്മപരിപാടിക്ക് രൂപം നൽകി.

ഇതിനായി തിരഞ്ഞെടുപ്പ് കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാന തലത്തിലും, ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിക്കും.

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനകേന്ദ്രങ്ങൾ, ഓഫീസുകൾ, തിരഞ്ഞെടുപ്പ് വിതരണകേന്ദ്രങ്ങൾ, പോളിംഗ്സ്റ്റേഷനുകൾ, വോട്ടെണ്ണൽകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെല്ലാം ഹരിതചട്ടം കർശനമായി പാലിക്കണം. ഇവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ഉടൻതന്നെ നീക്കം ചെയ്യാനായി ഹരിതകർമസേനയുടെയും ക്ലീൻകേരള കമ്പനിയുടെയും സേവനം പ്രയോജനപ്പെടുത്തും. പരിസ്ഥിതി സൗഹൃദമായ രീതിയിൽ ഭക്ഷണവിതരണം നടത്താനായി കുടുംബശ്രീയെ ചുമതലപ്പെടുത്തും. സ്ഥാനാർത്ഥികൾ, രാഷ്ട്രീയപാർട്ടികൾ, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവർക്കെല്ലാം തിരഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കുന്നതിന് ഒരു പോലെ ഉത്തരവാദിത്വമുണ്ട്. ഇതിനായി പ്രത്യേക നിർദ്ദേശങ്ങൾ നൽകും. പ്രചാരണത്തിനായി ഉപയോഗിക്കുന്ന അച്ചടിസാമഗ്രികളിൽ നിരോധിത വസ്തുക്കൾ ഉപയോഗിച്ചിട്ടില്ലെന്ന് രാഷ്ട്രീയപാർട്ടികളും സ്ഥാനാർത്ഥികളും ഉറപ്പാക്കണം. നിരോധിത വസ്തുക്കൾ ഉപയോഗിച്ചതായി കണ്ടെത്തിയാൽ പിഴ ഈടാക്കും.

## പാലക്കാട് അനങ്ങനടിയിൽ ഓർമത്തുരുത്ത്

പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനത്തിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതി പ്രകാരം പാലക്കാട് അനങ്ങനടി ഗ്രാമപഞ്ചായത്തിൽ ഓർമ്മത്തുരുത്ത്



സ്ഥാപിച്ചു. 2025 സെപ്തംബർ 22 നു ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കെ. പി. അനിത അധ്യക്ഷയായി. സ്ഥിരം സമിതി ചെയർപേഴ്സൺ സി. പി. വനജ, പഞ്ചായത്ത് അംഗങ്ങളായ കെ. സ്മിത, പി. പ്രമീള, സി.കെ. രമ, സുലൈഖ, അസിസ്റ്റന്റ് സെക്രട്ടറി എം.കെ.സുഭാഷ്, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ കെ. സിത്താര, സി. മോഹൻദാസ് എന്നിവർ സംസാരിച്ചു. വിവിധ ഇനം ഫലവൃക്ഷ തൈകളാണ് ഓർമ്മത്തുരുത്തിൽ നട്ടത്. പരിപാലനം ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനയാണ്.

## പാലമേൽ ഗ്രാമപഞ്ചായത്ത് ജലബജറ്റ് പ്രകാശനം

ആലപ്പുഴ പാലമേൽ ഗ്രാമപഞ്ചായത്തിലെ ഹരിത കേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായുള്ള ജല ബജറ്റ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് നദീറ നൗഷാദ് പ്രകാശനം ചെയ്തു. വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ആർ. ശശി



അദ്ധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ആലപ്പുഴ ജില്ലാ കോർഡിനേറ്റർ കെ.എസ്.രാജേഷ് ചടങ്ങിൽ മുഖ്യാതിഥിയായി. സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ, വിവിധ വാർഡ് മെമ്പർമാർ, LSGD AE, കൃഷി ഓഫീസർ, ആരോഗ്യ വകുപ്പ് HI, JHI, CDS ചെയർപേഴ്സൺ, പഞ്ചായത്ത് ഉദ്യോഗസ്ഥർ, MGNREGS ഉദ്യോഗസ്ഥർ, ഹരിതകർമ സേന അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് കാരശേരിയിൽ തുടക്കം കുറിച്ചു

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ സഹകരണത്തോടെ നീർച്ചാലുകളുടെ ഡിജിറ്റൽ മാപ്പിങ് പ്രവർത്തനത്തിന് കാരശേരി പഞ്ചായത്തിൽ തുടക്കമായി. കാരശേരി ഗ്രാമപഞ്ചായത്ത് വാർഡ് 16 ചോണാട് തോട് ഡിജിറ്റൽ മാപ്പ് ചെയ്തുകൊണ്ട് കാരശേരി പഞ്ചായത്ത് പ്രസിഡന്റ്



സുനിത രാജൻ ഉദ്ഘാടനം നിർവഹിച്ചു. വാർഡ് മെമ്പറും ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായ സത്യൻ മുണ്ടയിൽ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ രാജേഷ് പദ്ധതി വിശദീകരണം നടത്തി. നിലവിൽ ജില്ലയിൽ ഏറ്റവും കൂടുതൽ ജലക്ഷാമം നേരിടുന്ന ബ്ലോക്കുകളിൽ ഒന്നായ കുന്ദമംഗലം സെമിക്രിട്ടിക്കൽ വിഭാഗത്തിൽ ഉൾപ്പെട്ട ബ്ലോക്ക് ആണ്.

## മുനീശ്വരൻകുന്ന് ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും



വയനാട് മുനീശ്വരൻകുന്ന് ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ടൂറിസം കേന്ദ്രത്തിൽ നടന്നു. തവിഞ്ഞാൽ പഞ്ചായത്ത് പ്രസിഡന്റ് എൽസി ജോയ് ഹരിത ടൂറിസം കേന്ദ്ര പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി. തുടർന്ന് സാനിറ്ററി നാപ്കിൻ ഇൻസിനേറ്റർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വാർഡ് മെമ്പർ ടി കെ ഗോപി, തലപ്പുഴ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ സുരേഷ് ബാബു കെ, നോർത്ത് വയനാട് ഡി എഫ് ഒ സന്തോഷ് കുമാർ IFS, ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ ഇ.സുരേഷ് ബാബു തുടങ്ങിയവർ പങ്കെടുത്തു.

## അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ ജല ബജറ്റ് പ്രകാശനം ചെയ്തു

ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ കൊല്ലം അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിലെ ആര്യങ്കാവ്, തെന്മല, കുളത്തുപ്പുഴ, ഏരൂർ, അഞ്ചൽ, കരവാളൂർ, അലയമൺ, ഇടമുളയ്ക്കൽ എന്നീ എട്ട് ഗ്രാമപഞ്ചായത്തുകളിൽ തയ്യാറാക്കിയ ജലബജറ്റ് റിപ്പോർട്ടിന്റെ പ്രകാശനം അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഓമന മുരളി നിർവഹിച്ചു. ജില്ലയിൽ ജലബജറ്റ് തയ്യാറാക്കി പ്രകാശനം നടത്തുന്ന ഏഴാമത്തെ ബ്ലോക്ക് പഞ്ചായത്ത് ആണ് അഞ്ചൽ. ജില്ലയിൽ ഇതുവരെ



മുഖത്തല, ചടയമംഗലം, വെട്ടിക്കവല, കൊട്ടാരക്കര, ചിറ്റുമല, ശാസ്താംകോട്ട എന്നീ 6 ബ്ലോക്കുകളിലും കൊട്ടാരക്കര നഗരസഭയിലും ജലബജറ്റ് റിപ്പോർട്ട് തയ്യാറാക്കി പ്രകാശനം നടത്തുകയും തുടർപ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഒക്ടോബർ മാസത്തോടെ ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിക്കാനാകും എന്ന് ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ എസ്. ഐസക് പറഞ്ഞു. ജലബജറ്റ് പ്രകാശന ചടങ്ങിൽ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ജലമാണ് ജീവൻ കാസർഗോഡ് ജില്ലാ മിഷൻ യോഗം നടന്നു

കാസർഗോഡ് ജില്ലാ മിഷൻ യോഗം കാസർഗോഡ് ജില്ലാ ആസൂത്രണസമിതി ഹാളിൽ നടന്നു. ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ സ്വാഗതം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. ബേബി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ കെ. ഇമ്പശേഖർ ഐ.എ.എസ് സംസാരിച്ചു. വിദ്യാകിരണം പദ്ധതിയിലുൾപ്പെട്ട കെട്ടിടനിർമ്മാണത്തിൽ കാലതാമസം ഒഴിവാക്കേണ്ടുന്നതിന്റെ പ്രാധാന്യം, ഹരിതകേരളം മിഷൻ തുടർപ്രവർത്തനങ്ങൾ, ലൈഫ് മിഷൻ പുരോഗതി, ആർദ്രം മിഷന്റെ പ്രധാനപ്പെട്ട ഇടപെടലുകൾ, ജലമാണ് ജീവൻ ക്ലോറിനേഷൻ പ്രവർത്തനങ്ങളുടെ പുരോഗതി, അതിദാരിദ്ര്യമുക്തജില്ല അവലോകനം, ജലസുരക്ഷ തുടർപ്രവർത്തനങ്ങൾ എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു.ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ അവതരിപ്പിച്ചു. ലൈഫ് മിഷൻ പുരോഗതി ജില്ലാ കോർഡിനേറ്റർ വത്സൻ എം, ആർദ്രം



മിഷൻ നടപടികൾ ജില്ലാ നോഡൽ ഓഫീസർ ഡോ. അരുൺ പി.വി. തുടങ്ങിയവർ അവതരിപ്പിച്ചു.

## ജലജന്യ രോഗപ്രതിരോധം : സംസ്ഥാന വ്യാപകമായി കിണറുകളിൽ ക്ലോറിനേഷൻ

സുരക്ഷിത ജല ലഭ്യതയും ജലജന്യ രോഗപ്രതിരോധവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ തദ്ദേശ



സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണത്തോടെ സംസ്ഥാന വ്യാപകമായി കിണറുകളിൽ ക്ലോറിനേഷൻ നടത്തി. അമീബിക് മസ്തിഷ്ക ജ്വരം പോലെയുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്ന സൂക്ഷ്മജീവികളെ പ്രതിരോധിക്കുന്നതിൽ ക്ലോറിനേഷൻ ഫലപ്രദമാണെന്ന വസ്തുത മുൻനിർത്തിയാണ് ജലമാണ് ജീവൻ ക്യാമ്പയിന്റെ ഭാഗമായി പരിപാടി സംഘടിപ്പിച്ചത്.

കിണറുകളിൽ നിലവിലുള്ള ജലത്തിന്റെ അളവ് അനുസരിച്ച് ശാസ്ത്രീയമായ ക്ലോറിനേഷൻ പ്രവർത്തനമാണ് നടത്തിയത്. ആഗസ്റ്റ് 30, 31 തീയതികളിൽ നടന്ന തീവ്ര കർമ പരിപാടിയിൽ 42,15,314 കിണറുകളിൽ ക്ലോറിനേഷൻ നടത്തി. ഇത് സംസ്ഥാനത്ത് ആകെയുള്ള കിണറുകളുടെ 59% മാണ്. ആശാ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയെ എല്ലാം ഉൾപ്പെടുത്തി ജനകീയ കർമപരിപാടിയായാണ് ക്ലോറിനേഷൻ പരിപാടി സംഘടിപ്പിച്ചത്.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246